ഉത്തരം

(എ) ഉണ്ട്.

(ബി) 1992-93 സാമ്പത്തികവർഷം മുതൽ.

(സി) ഇതുവരെ 103.837 ലക്ഷം രൂപ നീക്കിയിരിപ്പ് നടത്തുകയും 135.89 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഏഴാം പദ്ധതിയിൽപ്പെട്ട ചിറ്റൂർപ്പുഴ പദ്ധതിയിലെ ഈ പണിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് എട്ടാം പഞ്ചവത്സരപദ്ധതിയിലാണ്. ഈ കനാലിന്റെ കീഴിൽ 1240 ഹെക്ടർ ആയക്കെട്ട് ഉണ്ട്. കനാലിന്റെ നീളം 14.5 കിലോമീറ്റർ ആണ്.

(ഇ) ഈ പദ്ധതിക്ക് ജി.ഒ.(ആർ.ടി.) നം. 869/91/ഐ.ആർ.ഡി., തീയതി 6.12.1991 പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) 25 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(ജി) കരിമ്പ് കൃഷി വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് ധനസഹായം നൽകിയത്. അതുപ്രകാരമുള്ള പണികൾ നടപ്പിലാക്കിയിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

(3522) കരീപ്ര കുഴൽനീട്ടൽ പദ്ധതി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവത്തൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത കരീപ്ര കുഴൽനീട്ടൽ പദ്ധതി, ആനകൊട്ടൂർഹരിജൻ കോളനി, എഴുകോൺ പൈപ്പ് മാറ്റിയിടൽ എന്നീ പദ്ധതികൾ പൂർത്തിയായോ എന്നു വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഈ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി ഇനം തിരിച്ചു വിശദീകരിക്കുമോ;

(ബി) നെടുവത്തൂർ നിയോജകമണ്ഡലത്തിൽ ശുദ്ധജലക്ഷാമ പരിഹാരത്തിനായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര കുഴൽനീട്ടൽ പദ്ധതികൾക്ക് തുടക്കം കുറിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി;

(ഡി) വെളിനെല്ലൂർ ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പണി ആരംഭിച്ചത് എന്നാണ്; എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(ഇ) പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(എഫ്) വെളിനെല്ലൂർ ഗ്രാമീണ ശുദ്ധജല പദ്ധതി കഴിവതുംവേഗം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഓട്ടുമല ഹരിജൻ കോളനിക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഓട്ടുമല പദ്ധതി കഴിവതുംവേഗം കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരീപ്ര കുഴൽനീട്ടൽ പദ്ധതിയുടെ കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ശേഷിക്കുന്ന പണികൾ പുനർ ദർഘാസ് ക്ഷണിച്ച് പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആനക്കൊട്ടൂർ പദ്ധതിയുടെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽനിന്നുള്ള കുഴൽ നീട്ടൽ പണി പൂർത്തിയായിട്ടില്ല. പണികൾ നടന്നുവരുന്നു. രണ്ടുമാസത്തിനകം പണികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. എഴുകോണിൽ പൈപ്പു മാറ്റിയിടുന്നതിനുള്ള വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നെടുവത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 27 കുഴൽനീട്ടൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പഞ്ചായത്തു തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

കരീപ്ര	-	7
എഴുകോൺ	-	2
നെടുവത്തൂർ	-	2
പവിത്രേശ്വരം	-	2
വെളിയം	-	2
പൂയപ്പള്ളി	-	3
വെളിനെല്ലൂർ	-	9

(സി) 23 എണ്ണം

(ഡി) 1998-ൽ എസ്റ്റിമേറ്റ് തുക 129 ലക്ഷം രൂപ.

(ഇ) പദ്ധതിയുടെ പണികൾ പൂർത്തിയാക്കി ഭാഗികമായി ഇപ്പോൾ ശുദ്ധജലവിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ റോ വാട്ടർപമ്പ് ഹൗസിൽ വോൾട്ടേജ്ക്ഷാമംമൂലം സ്ഥിരമായി വെള്ളം പമ്പുചെയ്യുവാൻ സാധിക്കുന്നില്ല. ഇതു പരിഹരിക്കുവാനായി ട്രാൻസ്ഫോർമർ മാറ്റിവയ്ക്കാനുള്ള പണം വൈദ്യുതി ബോർഡിനു നൽകിയിട്ടുണ്ട്. ഉടൻ തന്നെ ഇതിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്)വെളിനെല്ലൂർ ശുദ്ധജല വിതരണപദ്ധതിയുടെ പണികൾ മുഴുവൻ പൂർത്തീകരിച്ച് 1999 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) മുടങ്ങിക്കിടന്നിരുന്ന ഓട്ടുമല ശുദ്ധജലവിതരണ പദ്ധതിയുടെ ബാക്കിപണികൾ പുനർ ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിച്ച് പണികൾ ആരംഭിച്ചിട്ടുണ്ട്.

(എച്ച്) ഓട്ടുമല ശുദ്ധജല വിതരണ പദ്ധതി 1999 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചു കഴിഞ്ഞു.

(3523) പാലത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ആലപ്പുഴ റോഡിൽ ഒന്നാമത്തെ പാലത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയാക്കി പാത ഗതാഗതത്തിന് തുറന്നു

LIBRARY ARCHIVES Kerala Legislative Assembly